I/102127/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2236/2023-ICPS 13

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
ഐ സി പി എസ് പൂജപ്പുര,തിരുവനന്തപുരം
തീയതി : 22-06-2023

## ടെണ്ടര് പരസ്യം

വനിത ശിശു വികസന പദ്ധതിയുടെ ഭാഗമായ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി) പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായി കരാർ തീയതി മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് ഒരു 5 സീറ്റർ A/C കാർ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും ദർഘാസുകൾ ക്ഷണിയ്ക്കുന്നു. പ്രതിമാസം 2000 കിലോമീറ്റർ വരെ ഓട്ടുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക 35,000/-രൂപയാണ്. ഈ പരിധിയിൽ നിജപ്പെടുത്തി എത്ര രൂപയ്ക്ക് കരാർ ഏറ്റെടുക്കാനാവുമെന്ന് ടെണ്ടറിൽ രേഖപ്പെടുത്തണം. **2000 കിലോമീറ്ററില് കുറവ് ഓടുന്ന പക്ഷം പ്രതിമാസം അനുവദനീയ മായ തുകയില് ആനുപാതികമായി കുറവ് വരുത്തുന്നതാണ്.**

കരാർ ഉറപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 1% TDS ഇനത്തിൽ വസൂലാക്കി കരാറുകാരന്റെ പാൻ അക്കൗണ്ടിൽ ഒടുക്കുന്നതാണ്.

| | |
|---|---|
| ടെണ്ടര് തുക | 4,20,000/- രൂപ |
| നിരതദ്രവ്യം (1%) | 4,200/ രൂപ |
| ടെണ്ടര് ഫോറത്തിന്റെ വില (.2% ) | 1000/- രൂപ (നികുതി ഉൾപ്പെടെ ) |
| ടെണ്ടര് ആരംഭിക്കുന്ന തീയതി | 30.06.2023 രാവിലെ 10.00 മണി മുതല് |
| ഫോറം വില്പ്പന അവസാനിപ്പിക്കുന്ന തീയതി | 13.07.2023 വൈകുന്നേരം 4.00 മണി വരെ |
| ടെണ്ടറുകള് സമര്പ്പിക്കേണ്ട അവസാനതീയതി | 21.07.2023 ഉച്ചയ്ക്ക് 1 മണി വരെ |
| ടെണ്ടറുകള് തുറക്കുന്ന തീയതി - | 21.07.2023 ഉച്ചയ്ക്ക് 2.30 മണി. |

## നിബന്ധനകൾ:-

1. പ്രതിമാസം 2000 കി.മീ. ഓട്ടുന്നതിന് 35,000/- രൂപയും പ്രസ്തുത ദൂരം അധികരിക്കുന്ന പക്ഷം ഓരോ ത്രൈമാസത്തിൽ മാത്രം കണക്കാക്കി അധികരിച്ച് വരുന്ന ഓരോ കി.മീറ്ററിനും 18/- രൂപ നിരക്ക് അനുസരിച്ചും തുക നൽകുന്നതാണ്.
2. ഒരു വർഷത്തേയ്ക്കുള്ള അടങ്കൽ തുകയുടെ 1% EMD ആയി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. വാഹനം 7 വർഷത്തിലധികം കാലപ്പഴക്കം ഉള്ളവയായിരിക്കരുത്. ടാക്സി പെർമിറ്റ് നിർബന്ധമാണ്.
4. വകുപ്പിൽ നിന്ന് വാഹന വാടക മാത്രമേ അനുവദിക്കുകയുള്ളൂ. ടാക്സ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.

5. ടെണ്ടറിനോടൊപ്പം വാഹനത്തിന്റെ RC ബുക്ക് ടാക്സി പെർമിറ്റ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇൻഷ്വറൻസ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.
6. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുന്നതിനും, തീർപ്പ് കൽപ്പിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.
7. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ ടെണ്ടർ തീയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിയ്ക്കുന്ന എസ്.സി.പി.എസ്. ഓഫീസിൽ നിന്നും ലഭ്യമാണ്.
8. മേൽ വ്യവസ്ഥകൾക്ക് വിപരീതമായോ ഉപരിയായോ എന്തെങ്കിലും വ്യവസ്ഥകൾ ധനവകുപ്പിൽ നിന്നും ഉണ്ടാകുന്ന പക്ഷം പ്രസ്തുത ടെണ്ടർ റദ്ദാക്കി പുതിയ ടെണ്ടർ വിളിക്കുന്നതാണ്.

9. 2000 കിലോമീറ്ററിൽ കുറവ് ഓട്ടുന്ന പക്ഷം പ്രതിമാസം അനുവദനീയമായ തുകയിൽ ആനുപാതികമായി കുറവ് വരുത്തുന്നതാണ്.

ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതിയിലെ പരാമർശിത സമയത്തിനു മുൻപായി സീൽ ചെയ്ത കവറുകളിൽ സമർപ്പിക്കേണ്ടതും അന്നേ ദിവസം 3 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. കരാർ അംഗീകരിച്ച് ലഭിക്കുന്ന കരാറുകാരൻ 200/- രൂപ മുദ്ര പത്രത്തിൽ എഗ്രിമെൻറ് വയ്ക്കേണ്ടതും അടങ്കൽ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതുമാണ്.

ടെണ്ടർ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് **'ഒ.ആർ.സി.യ്ക്ക് വാഹനം കരാര് അടിസ്ഥാനത്തില് നല്കാനുള്ള ടെണ്ടർ'** എന്ന് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം : വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, എസ്.സി.പി.എസ്, സെൻട്രൽ ജയിലിനു എതിർവശം, പൂജപ്പുര, തിരുവനന്തപുരം - 695 012,ഫോൺ :0471 2342235

കൂടുതൽ വിവരങ്ങൾ പൂജപ്പുരയിൽ സെൻട്രൽ ജയിലിനു എതിർവശം പ്രവർത്തിയ്ക്കുന്ന എസ്.സി.പി.എസ്. ഓഫീസിൽ നിന്നും ലഭ്യമാണ്.

PRIYANKA G, Director DWCD, O/o Director DWCD
വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:-

1. **നോട്ടീസ് ബോർഡ്**
2. ഡയറക്ടർ. PRD, **തിരുവനന്തപുരം.**
3. **സ്റ്റോക്ക് ഫയല്**

Signed by Priyanka G
Date: 22-06-2023 19:23:13